മി. സ്പീക്കർ : ട്രാൻസ്ഫർ നടക്കും. എല്ലാവരും പറയും. അതൊരു കുറ്റമായിട്ട് ഇന്നലെ പറഞ്ഞില്ല.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ശുപാർശ എന്നു പറഞ്ഞാൽ അത് നല്ല ഭാഷയല്ല.

VII പരാമർശം

നിയമസഭാ നടപടി രേഖകൾ അച്ചടിച്ചു നൽകുന്നതിലുള്ള കാലതാമസം സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : ഇന്നലെ ഞാൻ അങ്ങേയ്ക്ക് എഴുതി തന്നതാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അത് അങ്ങ് അപ്പോൾ സമ്മതിക്കുകയും ചെയ്തതാണ്. സഭാനടപടികൾ അച്ചടിച്ചുവരുന്നതിലുള്ള കാലതാമസമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. നിയമസഭാചട്ടം 308(3) അനുസരിച്ച് നമ്മുടെ സഭാനടപടിക്രമങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ചുമതല സെക്രട്ടറിക്കാണ്. ഇപ്പോൾ പത്തും പതിനഞ്ചും വർഷം കാലതാമസത്തോടുകൂടിയാണ് സഭാനടപടിക്രമങ്ങൾ അച്ചടിച്ചുവരുന്നത്.

മി. സ്പീക്കർ : എം.എൽ.എ.മാരുടെ മക്കൾ എം.എൽ.എ. ആകുമെങ്കിൽ അപ്പോഴാകും റിപ്പോർട്ട് കിട്ടുക. അല്ലാതെ എം.എൽ.എ.മാർക്ക് കിട്ടാറില്ല. അതാണ് സ്ഥിതി.

ശ്രീ. എം. വി. ജയരാജൻ : ഇപ്പോൾ നിയമസഭാരേഖകൾ പഠിച്ചു മനസ്സിലാക്കിക്കൊണ്ട് നിയമസഭാ പ്രവർത്തനം നടത്താൻ കഴിയാത്ത വിധത്തിലാണ് കാലതാമസം വരുന്നത്. പാർലമെന്റിൽ ഒരു എക്സ്പീരിയൻസുണ്ട്. ഇതിന്റെ ഡ്രാഫ്ട് റിപ്പോർട്ട് അതതുദിവസം തന്നെ വൈകുന്നേരം കൊടുക്കുക എന്നത്...

മി. സ്പീക്കർ : അങ്ങനെ ഒരു ഏർപ്പാടൊന്നും അവിടെയില്ല.

ശ്രീ. എം. വി. ജയരാജൻ : പത്തും പതിനഞ്ചും വർഷത്തെ കാലതാമസം ഒഴിവാക്കാൻ ഒഫീഷ്യൽ റിപ്പോർട്ടുകൾ കഴിയുന്നതും വേഗത്തിൽ അച്ചടിച്ച് അംഗങ്ങൾക്ക് നൽകാനും അതനുസരിച്ച് നിയമസഭാപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനും കഴിയുംവിധത്തിൽ ഒരു സംവിധാനം അങ്ങ് ഏർപ്പെടുത്തണമെന്നുള്ളതാണ് ഈ സബ്മിഷൻ വഴി അങ്ങയുടെ ശ്രദ്ധയിൽപെടുത്തുന്നത്.

Mr. Speaker : You are correct . ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. പ്രൊസീഡിംഗ്സ് പ്രിന്റ് ചെയ്ത് വരുന്നത് പത്തും പതിനഞ്ചും വർഷം കഴിഞ്ഞാണ്. ഈ ഹൗസിൽതന്നെ ദൈനംദിന കാര്യങ്ങൾ പലതും ഇപ്പോഴത്തെ മോഡേൺ ഫെസിലിറ്റി ഉപയോഗിച്ച് ഇവിടെത്തന്നെ അച്ചടിക്കുകയാണ് ഇപ്പോൾ. പ്രസ്സില്ല, പക്ഷെ, ഇപ്പോഴത്തെ പുതിയ എക്വിപ്മെന്റ് സിന്റെ സഹായത്തോടുകൂടി ഇവിടെത്തന്നെ പലതും അച്ചടിക്കുകയാണ്. അതുകൊണ്ട് ഇവിടെ പ്രസ്സ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണം. പ്രസ്സ് ഉണ്ടാകണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് പറഞ്ഞു, മുഖ്യമന്ത്രി അത് സമ്മതിച്ചിട്ടുണ്ട്. വളരെ താമസിയാതെ ഇവിടെത്തന്നെ പ്രസ്സ് ഉണ്ടാകുന്നതാണ്, provided the money comes.

VIII ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004 18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	രൂപ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXIII	വാർത്താ വിതരണവും പ്രചരണവും	3,84,72,000	..	7,69,45,000	..	7,69,45,000
XXIV	തൊഴിലും തൊഴിലാളി ക്ഷേമവും	57,78,29,000	1,000	1,15,56,59,000	..	1,15,56,59,000

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : വാർത്താ വിതരണവും പ്രചരണവും എന്ന XXIII -ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാംകോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly